112 (449) കെ.എസ്.എഫ്.ഡി.സി. മുഖേന കുട്ടികളുടെ ചലച്ചിത്ര നിർമ്മാണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ചലച്ചിത്രം നിർമ്മിക്കുന്നതിന് 1977-ൽ കെ. എസ്.എഫ്.ഡി.സി. പൊതുജനങ്ങളിൽ നിന്നും തിരക്കഥകൾ സ്വീകരിച്ചിരുന്നുവോ; ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി പൊതുജനങ്ങളിൽ നിന്നും എത്ര തിരക്കഥകൾ ലഭിച്ചിരുന്നു എന്നറിയിക്കുമോ; ഇതിൽ നിന്നും സെലക്ട് ചെയ്ത തിരക്കഥയുടെ രചയിതാവാരാണ്;

(സി) ഈ പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ; പ്രോസ്പെക്ടസുമായി ബന്ധപ്പെട്ട് ലഭിച്ച തിരക്കഥകളിൽ നിരിസിച്ചവ രചയിതാക്കൾക്ക് തിരികെ നൽകുന്നതിനും ഇതുമായി ബന്ധപ്പെട്ട വിവരം രചയിതാക്കളെ അറിയിക്കുന്നതിനും നിർദ്ദേശം നൽകുമോ;

(ഡി) കുട്ടികളുടെ സിനിമാ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുട്ടികളുടെ ചലച്ചിത്രം നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. തിരക്കഥകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ലഭിച്ച തിരക്കഥകളിൽ നിന്നും മെച്ചപ്പെട്ടവ തിരഞ്ഞെടുക്കുന്നതിന് മൂന്ന് അംഗങ്ങൾ അടങ്ങിയ ഒരു കമ്മറ്റിയെ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി തെരഞ്ഞെടുത്ത തിരക്കഥകൾ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ചലച്ചിത്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കെ.എസ്.എഫ്.ഡി.സി. നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) 36 തിരക്കഥകൾ ലഭിച്ചിരുന്നു. ഇവയിൽ നിന്നും അഞ്ച് എണ്ണം തെരഞ്ഞെടുത്തിട്ടുണ്ട്. അവർക്ക് കിട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകി ഒന്നാമത്തേത് ആദ്യം ചിത്രീകരിക്കാൻ നടപടി എടുത്തു വരുന്നു.

(സി) ഇക്കാര്യം കെ.എസ്.എഫ്.ഡി.സി.യുടെ പരിഗണനയിലുണ്ട്. കമ്മിറ്റി തെരഞ്ഞെടുക്കാതിരുന്ന തിരക്കഥകൾ അതതു വ്യക്തികൾക്ക് തിരികെ അയച്ചു കൊടുത്തിട്ടുണ്ട്.

(ഡി) ചിത്രാഞ്ജലിയിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടികളുടെ ചലച്ചിത്രങ്ങൾക്ക് 3 ലക്ഷം രൂപ സർക്കാർ സഹായധനം നൽകുന്നുണ്ട്.

113 (450) ചലച്ചിത്ര വികസന കോർപ്പറേഷൻ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്രവികസനകോർപ്പറേഷനിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഇവയിൽ സ്റ്റുഡിയോ കോർപ്പറേഷൻ,

LIBRARY ARCHIVES Kerala Legislative Assembly